**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2310** 05.12.2018 -ൽ മറുപടിക്ക്.

## ഡിജിറ്റൈസ്ഡ് റേഷനിംഗ് സമ്പ്രദായം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി വീണാ ജോർജ്ജ്:** | **ശ്രീ. പി. തിലോത്തമൻ** **(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) പുതിയ ഡിജിറ്റൈസ്ഡ് റേഷനിംഗ് സമ്പ്രദായം നിലവിൽ വന്നതോടെ ഉണ്ടായ മാറ്റങ്ങൾ എന്തെല്ലാമാണ് ; | (എ) സംസ്ഥാനത്തെ മുഴുവൻ റേഷൻകടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ(ഇ-പോസ്) മെഷീനുകൾ സ്ഥാപിച്ച് റേഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്. റേഷൻ കാർഡിലെ അംഗങ്ങളുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിച്ച് ആതന്റിക്കേറ്റ് ചെയ്ത് യഥാർത്ഥ ഗുണഭോക്താവിനു തന്നെ റേഷൻ ലഭിക്കുന്നു എന്നുറപ്പാക്കുന്നുണ്ട്. ഇപ്പോൾ വിരലടയാളമാണ് പരിശോധിക്കുന്നത്. ഐറിസ് പരിശോധിക്കുന്ന സംവിധാനവും പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തത്സമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കാൻ സാധിക്കും. റേഷൻ കാർഡുകൾ കിട്ടുന്നതിന് അക്ഷയ സെന്ററുകൾ മുഖേന ഓൺലൈനായും പൊതുജനങ്ങൾക്ക് നേരിട്ടും അപേക്ഷകൾ സമർപ്പിക്കാം. |
| (ബി) പ്രസ്തുത സമ്പ്രദായം വഴി ഗുണഭോക്താക്കൾക്കുണ്ടായ നേട്ടങ്ങൾ വിശദമാക്കാമോ ? | (ബി) യഥാർത്ഥ ഗുണഭോക്താവിനു തന്നെ റേഷൻ ലഭിക്കുന്നുണ്ട് എന്നുറപ്പാക്കാൻ സാധിക്കുന്നുണ്ട്. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തത്സമയം വകുപ്പിന്റെ പോർട്ടലിൽ ലഭ്യമാകുന്നുണ്ട്. എസ്.എം.എസ് മുഖേനയും റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങളെ അറിയിക്കുന്നുണ്ട്. സുതാര്യവും കാര്യക്ഷമവുമായ റേഷനിംഗ് സമ്പ്രദായമാണ് ഇപ്പോൾ സംസ്ഥാനത്ത് നിലവിലുള്ളത്. |

*സെക്ഷൻ ഓഫീസർ*